# പതിമൂന്നാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.636** **01/12/2015-ൽ മറുപടിക്ക്**

## തിരുവനന്തപുരം ടെക്നോപാർക്കിന്റെ വിപുലീകരണം

**ചോദ്യം** **മറുപടി**

ശ്രീ. കെ.അജിത്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ടെക്നോപാർക്കിൽ വ്യവസായ സംരംഭകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഉറപ്പുവരുത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ടെക്നോപാർക്കിന്റെ ഫെയിസ്-I, ഫെയിസ്-II, ഫെയിസ്-III, ടെക്നോസിറ്റി, കൊല്ലം ടെക്നോപാർക്ക് എന്നീ എല്ലാ പദ്ധതി കളിലുമുള്ള പ്രത്യേക സാമ്പത്തിക മേഖലകളിലെ (SEZ) സ്ഥല സൗകര്യം, വൻകിട ഐ.ടി/ഐ.ടി.ഇഎസ് സംരംഭങ്ങൾ ക്കുൾപ്പെടെ പ്രത്യേക സാമ്പത്തിക മേഖലകളിലും അല്ലാ തെയും (SEZ and Non SEZ) ഐ.ടി/ഐ.ടി.ഇ.എസ്. വ്യവ സായ സംരംഭങ്ങൾക്ക് ആവശ്യമായ ഭൂമി; ലോകോത്തര നില വാരമുള്ള കെട്ടിട സൗകര്യങ്ങൾ; പൂർണ്ണമായും ഫർണിഷ് ചെയ്ത് സജ്ജമാക്കിയിരിക്കുന്ന ബിസിനസ്സ് ഓഫീസുകൾ; മികച്ച ജലവൈദ്യുതി വിതരണ സംവിധാനം; മികച്ച നിലവാര ത്തിലുള്ള നെറ്റ് വർക്ക് കണക്റ്റിവിറ്റി സജ്ജീകരണങ്ങൾ, ഐ. ടി. സംരംഭങ്ങൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിനായി ടെക്നോപാർക്കിനുള്ള "ഏകജാലക"സംവിധാനം (Single Window Clearance), വൈദ്യുതി വിതരണ ലൈസൻസി പദവി തുടങ്ങിയ സൗകര്യങ്ങൾ ടെക്നോപാർക്കിൽ ഐ.റ്റി/ഐ.റ്റി.ഇ. എസ്. വ്യവസായ സംരംഭങ്ങൾക്കായി സജ്ജമാക്കിയിരി ക്കുന്നു. |
| (ബി) | അവിടെ നിന്ന് കഴിഞ്ഞ 5 വർഷം നികുതി ഇനത്തിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | Year: 2010-11 — 4,88,98,485; 2011-12 — 6,33,73,651; 2012-13 — 7,02,56,516; 2013-14 — 9,21,60,106; 2014-15 — 8,91,25,748; TOTAL — 36,38,14,506 |
| (സി) | ടെക്നോപാർക്കിന്റെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ടെക്നോപാർക്കിന്റെ ഫെയിസ്-I,II,III, Technocity, Kollam Technopark എന്നീ പദ്ധതികളിലെല്ലാം കൂടുതൽ ഐ.ടി. സംരംഭങ്ങൾക്കു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധസൗകര്യങ്ങളും ഒരുക്കികൊണ്ട് ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചു വരുന്നു. ഈ പദ്ധതികളിൽ Phase-I പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. ഈ കാമ്പസിൽ കൂടുതൽ സ്ഥലസൗക ര്യങ്ങൾക്കായി പുതുതായി ഒരു ഐ.ടി. കെട്ടിടം നിർമ്മി ക്കാനുള്ള തയ്യാറെടുപ്പിലാണ്. ടെക്നോപാർക്ക് Phase-II-SEZ പദ്ധതിയിലെ ഘട്ടംഘട്ടമായിട്ടുള്ള വികസന |

Table for (ബി):

| Year | Total |
|---|---|
| 2010-11 | 4,88,98,485 |
| 2011-12 | 6,33,73,651 |
| 2012-13 | 7,02,56,516 |
| 2013-14 | 9,21,60,106 |
| 2014-15 | 8,91,25,748 |
| **TOTAL** | **36,38,14,506** |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ UST Global, Infosys എന്നീ രണ്ടു കമ്പനികൾ നേരിട്ട് നടപ്പിലാക്കി വരുന്നു. Phase-III SEZ -ൽ ടെക്നോപാർക്കിന്റെ 1 മില്യൻ ച.അടി. വിസ്തീർണ്ണത്തിലുള്ള ഗംഗ-യമുന കെട്ടിടസമുച്ചയം പൂർത്തിയാക്കി. ഇതിൽ ഏകദേശം 90% സ്ഥലം വിവിധ കമ്പനികൾക്കായി നൽകി കഴിഞ്ഞു. ഈ പദ്ധതികൾക്കാവശ്യമായ അപ്രോച്ച് റോഡുകൾ, സബ്സ്റ്റേഷനുകൾ, ജലവൈദ്യുത വാർത്താവിനിമയ സംവിധാനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ പ്രസ്തുത പദ്ധതികളിൽ ഭൂമി/സ്ഥലം എന്നിവ നൽകിയ കമ്പനികൾ അവരുടെ വ്യവസായത്തിനാവശ്യമായ കെട്ടിടങ്ങളും മറ്റു അനുബന്ധസൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>കൊല്ലം ടെക്നോപാർക്ക് പദ്ധതിയിലുൾപ്പെട്ട 1 ലക്ഷം ച.അടി. വിസ്തീർണ്ണത്തിലുള്ള അഷ്ടമുടി എന്ന ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി, 9 ചെറിയ ഐ.ടി. കമ്പനികൾ ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 44 ഏക്കർ വിസ്തൃതിയുള്ള കൊല്ലം ടെക്നോപാർക്ക് പദ്ധതിയിലേയ്ക്ക് ആവശ്യമായ ജല വിതരണശൃംഖലയ്ക്ക് വേണ്ടി 11 ലക്ഷം സ്റ്റോറേജ് കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കും പമ്പ് ഹൗസും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സജ്ജമാക്കിയിരിക്കുന്നു. 0.3 MLD കപ്പാസിറ്റിയുള്ള ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് (Effluent Treatment Plant), കാമ്പസിലെ എല്ലാ പ്ലോട്ടുകളേയും ബന്ധിപ്പിക്കുന്ന 1.5 km നീളമുള്ള ഇന്റേണൽ റോഡ്, കുണ്ടറ 220 kV സബ്സ്റ്റേഷനുകളിൽ നിന്ന് അണ്ടർഗ്രൗണ്ട് ഭൂഗർഭ കേബിളുകളിൽ കൂടി ടെക്നോപാർക്കിലേക്ക് വൈദ്യുതി എത്തിക്കുന്നതിനു വേണ്ടിയുള്ള 110kV സബ്സ്റ്റേഷൻ, ഒരു കിണറും അതിനോട് അനുബന്ധിച്ചുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും, അപ്രോച്ച് റോഡിന്റെ നിർമ്മാണം എന്നീ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഷ്ടമുടി ഐ.ടി. കെട്ടിടത്തിൽ രണ്ടും മൂന്നും നിലകളിൽ പണി പൂർത്തിയായി കൊണ്ടിരിക്കുന്ന എസ്.ബി.സി. ഓഫീസുകൾ, ഈ ബിൽഡിംഗിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ടെക്നോപാർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ പണികൾ ഇവ പുരോഗമിച്ചു വരുന്നു. |
| (ഡി) | ടെക്നോപാർക്കിലെ തദ്ദേശീയരായ വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കമോ? | (ഡി) | മേൽപറഞ്ഞിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും തദ്ദേശീയരായ വ്യവസായസംരംഭകർക്കും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ